# പാഴായിപ്പോകുന്ന കന്യാവ്രതങ്ങളും ബ്രഹ്മചര്യവ്രതങ്ങളും

അബ്ദുല്ല ജിജി ജോർജ്

**ഒരു ഇണയോടൊത്തുള്ള ജീവിതം എതൊരു മനുഷ്യൻെറയും ആഗ്രഹവും ആവശ്യവുമാണ്. എന്നാൽ ക്രിസ്തുമതത്തിൽ കന്യാവ്രതമാചരിക്കുന്ന സ്ത്രീകളും ബ്രഹ്മചര്യമനുഷ്ഠിക്കുന്ന പുരുഷന്മാരുമുണ്ട്. ഇതിന് ബൈബിളിൻെറ പിൻബലമുണ്ടോ? ഒരു വിശകലനം**

“ദൈവം വീണ്ടും അരുൾചെയ്തു: ‘നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങളുടെമേലും ആകാശത്തിലെ പറവകളുടെയും നാൽകാലികളുടെയും ഭൂമി മുഴുവൻെറയും ഭൂമിയിൽ ഇഴയുന്ന സർവ ജീവിതകളുടെയുംമേലും ആധിപത്യം ഉണ്ടായിരിക്കട്ടെ’. അങ്ങനെ ദൈവം തൻെറ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിൻെറ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു. ‘നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ” (ഉൽപത്തി പുസ്തകം 1: 26-29).

“ദൈവമായ കർത്താവ് അരുൾചെയ്തു: ‘മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. അവന് ചേർന്ന ഇണയെ ഞാൻ നൽകും’. ദൈവമായ കർത്താവ് ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും മണ്ണിൽനിന്നും രൂപപ്പെടുത്തി. അവയ്ക്ക് മനുഷ്യൻ എന്ത് പേരിടുമെന്ന് അറിയാൻ അവിടുന്ന് അവയെ അവൻെറ മുമ്പിൽ കൊണ്ടുവന്നു. മനുഷ്യൻ വിളിച്ചത് അവയ്ക്ക് പേരായിത്തീർന്നു. എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും വയലിലെ മൃഗങ്ങൾക്കും അവൻ പേരിട്ടു. എന്നാൽ തനിക്ക് ഇണങ്ങിയ ഇണയെ കണ്ടില്ല. അതുകൊണ്ട് ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി. ഉറങ്ങിക്കിടന്ന അവൻെറ വാരിയെല്ലുകളിൽനിന്നും ഒന്ന് എടുത്തതിനു ശേഷം അവിടം മാംസംകൊണ്ട് മൂടി. മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്ക് രൂപംകൊടുത്തു. അവളെ അവൻെറ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു: ‘ഒടുവിൽ ഇതാ എൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും’. നരനിൽനിന്നും എടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിക്കപ്പെടും. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരും. അവർ ഒറ്റ ശരീരമായിത്തീരും’’ (ഉൽപത്തി 2:18-25).

“അവിടുന്ന് ചോദിച്ചു: ‘നീ നഗ്നനാണെന്ന് നിന്നോട് ആര് പറഞ്ഞു? തിന്നരുതെന്ന് ഞാൻ കൽപിച്ച വൃക്ഷത്തിൻെറ പഴം നീ തിന്നോ’? അവൻ പറഞ്ഞു: ‘അങ്ങ് എനിക്ക് കൂട്ടിനുതന്ന സ്ത്രീ ആ മരത്തിൻെറ പഴം എനിക്ക് തന്നു. ഞാൻ അത് തിന്നു’. ദൈവ

മായ കർത്താവ് സ്ത്രീയോട് ചോദിച്ചു:' നീ എന്താണ് ഈ ചെയ്തത്'? അവൾ പറഞ്ഞു: 'സർപം എന്നെ വഞ്ചിച്ചു. ഞാൻ പഴം തിന്നു' (ഉൽപത്തി 3:12,13).

അതേ അധ്യായം 16-ാം വാക്യം: "അവിടുന്ന് സ്ത്രീയോട് പറഞ്ഞു: നിൻെറ ഗർഭാരിഷ്ടതകൾ ഞാൻ വർധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും നിനക്ക് ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും".

മേൽവിവരിച്ച ബൈബിൾ ഭാഗങ്ങൾ പരാമർശിച്ചത് മനുഷ്യസൃഷ്ടിയും അതിൽ ഇണക്ക് പരമ കാരുണികനായ ദൈവം നൽകിയിരിക്കുന്ന പ്രാധാന്യവും മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. കത്തോലിക്കാ സഭയിൽ അനേകായിരം സഹോദരിമാർ നൂറ്റാണ്ടുകളായി അനുഷ്ഠിച്ചുപോരുന്ന കന്യാവ്രതങ്ങളും അതിന് അവരെ പ്രേരിപ്പിക്കുന്നവർ പറയുന്ന ന്യായവാദങ്ങളിലെ പൊള്ളത്തരങ്ങളും ബൈബിളിൻെറ തന്നെ വെളിച്ചത്തിൽ ഒരു പുനർവിചിന്തനത്തിന് വിധേയമാക്കുകയെന്ന ഉദ്ദേശത്തോടെയുമാണ് ഇതെഴുതുന്നത്.

ദൈവമായ കർത്താവ് മനുഷ്യനെ സൃഷ്ടിച്ചശേഷം അവനെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞത് നാം വായിച്ചു. മനുഷ്യ സൃഷ്ടിയിൽ സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ് എന്നും അവർ അന്യോന്യം ഇണകളായി ജീവിക്കണമെന്നും സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കണമെന്നുമാണ് ദൈവം പറയുന്നത്. സന്താനങ്ങളെ പ്രസവിക്കുക എന്ന മഹത്തായ ദൗത്യം ദൈവമായ കർത്താവ് സ്ത്രീയെ ആണ് ഏൽപിച്ചിട്ടുള്ളത്. സർപരൂപിയായ സാത്താനാൽ വഞ്ചിക്കപ്പെട്ട് ദൈവകൽപന ധിക്കരിച്ച ആദമി(അ)ൻെറ ഭാര്യയായ ഹവ്വക്ക് ദൈവം ശിക്ഷ വിധിച്ച ഭാഗവും നാം വായിച്ചു. അതിൽ സ്ത്രീക്ക് ഗർഭാരിഷ്ടതകൾ വർധിക്കുകയും വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കുകയും ചെയ്യാൻ കർത്താവായ ദൈവം കൽപിച്ചു. എങ്കിലും നിനക്ക് ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും എന്ന സമാശ്വാസവും നൽകി. ഇത് സൂചിപ്പിക്കുന്നത് മനുഷ്യവർഗത്തിന് നിലനിൽപ് നൽകിയിരിക്കുന്നത് പരസ്പരം ഇണകളായുള്ള സ്ത്രീയുടെയും പുരുഷൻെറയും ജീവിതക്രമം വഴിയാണ് എന്നല്ലേ? അതാണല്ലോ ആദ്യമായി സ്ത്രീയെ മുമ്പിൽ നിർത്തിയപ്പോൾ ആദം (عليه السلام) ഇങ്ങനെ പറഞ്ഞതായി ഉൽപത്തി പുസ്തകം സാക്ഷ്യം നൽകുന്നത്: "ഒടുവിൽ ഇതാ എൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും..... പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരും. അവർ ഒറ്റ ശരീരമായിത്തീരും". ഇത് മനുഷ്യവർഗത്തിൻെറ അടിസ്ഥാനശിലയാണ്.

കത്തോലിക്കാസഭയിലെ ഒരുപാട് നിരപരാധികളായ പെൺകുട്ടികളെ പ്രകൃതിവിരുദ്ധവും ബൈബിളിൻെറ ആശയ സംഹിതകളിലെവിടെയും കണ്ടെത്താൻ കഴിയാത്തതും, 'ക്രിസ്തുവിൻെറ മണവാട്ടിമാർ' എന്ന പൊയ്വാഗ്ദാനവുമായി കന്യാവ്രതം എന്ന പേരിൽ കന്യാമഠങ്ങളുടെ മതിലുകൾക്കുള്ളിൽ തളച്ചിടുന്ന ക്രൂരമായ അനാചാരത്തോട് ബുദ്ധിയും ചിന്താശേഷിയുമുള്ള, ഏകദൈവത്തിലും അവൻെറ വിധിവിലക്കുകളിലും അവൻെറ പ്രവാചകനായ ഈസാനബി(عليه السلام)യിലും വിശ്വസിക്കുന്നവർ പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കന്യാവ്രതം അനുഷ്ഠിക്കുന്ന സാധുക്കളായ ഓരോരുത്തരും ചിന്തിക്കുക. നിങ്ങൾ ഓരോരുത്തരും ആരുടെയോ തലയിലുദിച്ച, ബൈബിളുമായോ പുതിയനിയമത്തിൽ ക്രിസ്തുവെന്ന് വിളിക്കുന്ന യേശുവിൻെറ പ്രബോധനങ്ങളുമായോ യാതൊരു അടിസ്ഥാനവുമില്ലാത്ത, യേശുവെന്ന ക്രിസ്തു ഒരിക്കലും പരാമർശിച്ചതായി ബൈബിളിലൊരു ചെറുസൂചനപോലുമില്ലാത്ത ഒരു പൊയ്വാഗ്ദാനത്തിൻെറ പേരിലാണ് കഴിയുന്നത്. ദൈവമായ കർത്താവ് കനിഞ്ഞ് നൽകിയ മഹത്തായ ഒരനുഗ്രഹം പാഴാക്കിക്കളയുകയാണ് നിങ്ങൾ ചെയ്യുന്നത്. മാതൃത്വം- അതാണ് ഒരു സ്ത്രീക്ക് ഇഹലോകത്ത് നൽകപ്പെട്ടതിൽ ഏറ്റവും മഹത്തായ അനുഗ്രഹം. അത് പാഴാക്കിക്കളഞ്ഞിട്ട് പുനരുത്ഥാനനാളിൽ ക്രിസ്തുവിൻെറ മണവാട്ടിയാകാം എന്നത് ഒരു പാഴ്ക്കിനാവ് മാത്രമാണ്. കാരണം യേശു ഒരിക്കലും അങ്ങനെ ഒരു വാഗ്ദാനം താൻ പ്രബോധനം ചെയ്ത ഇസ്രായേൽ സമൂഹത്തിനു നൽകിയതായി ബൈബിളിൽ പരാമർശമില്ല. പുനരുത്ഥാന നാളിൽ യേശുവിൻെറ മണവാട്ടികളാകാം എന്ന് പാഴ്ക്കിനാവ് കാണുന്ന സഹോദരിമാരേ, പുനരുത്ഥാന നാളിനെപ്പറ്റിയും വിവാഹത്തെപ്പറ്റിയും യേശു പറഞ്ഞതായി പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് എ

ന്താണെന്ന് നോക്കുക.

മത്തായിയുടെ സുവിശേഷം 22-ാം അധ്യായം 23 മുതലുള്ള വാക്യങ്ങൾ കാണുക: "പുനരുത്ഥാനമില്ലെന്നു പറയുന്ന സദൂക്കിയർ അന്നുതന്നെ അവനെ സമീപിച്ച് ചോദിച്ചു: 'ഗുരോ, ഒരുവൻ സന്താനമില്ലാതെ മരിച്ചാൽ അവൻെറ സഹോദരൻ ആ വിധവയെ വിവാഹം ചെയ്ത് സഹോദരന് സന്താനങ്ങളെ ഉൽപാദിപ്പിക്കണമെന്ന് മോശെ അനുശാസിച്ചിട്ടുണ്ട്. ഞങ്ങളുടെ ഇടയിൽ ഏഴ് സഹോദരന്മാരുണ്ടായിരുന്നു. ഒന്നാമൻ വിവാഹം ചെയ്തു. സന്താനമില്ലാതെ, ഭാര്യയെ സഹോദരന് വിട്ടുകൊണ്ട് അവൻ മരണമടഞ്ഞു. ഇങ്ങനെത്തന്നെ രണ്ടാമനും മൂന്നാമനും ഏഴാമൻവരെയും. അവസാനം ആ സ്ത്രീയും മരണമടഞ്ഞു. അതിനാൽ പുനരുത്ഥാനനാളിൽ അവൾ ഈ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും? അവർക്കെല്ലാം അവൾ ഭാര്യയായിരുന്നിട്ടുണ്ടല്ലോ!' യേശു മറുപടി പറഞ്ഞു: 'വിശുദ്ധലിഖിതങ്ങളോ ദൈവത്തിൻെറ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്ക് തെറ്റുപറ്റിയിരിക്കുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. പിന്നെയോ, അവർ സ്വർഗദൂതന്മാരെപ്പോലെയായിരിക്കും".

മാർക്കോസിൻെറ സുവിശേഷം 12-ാം അധ്യായം 18 മുതൽ 27വരെയുള്ള വാക്യങ്ങളിലും, ലൂക്കോയുടെ സുവിശേഷം 20-ാം അധ്യായം 27 മുതൽ 40വരെയുള്ള വാക്യങ്ങളിലും ഇക്കാര്യം വായിക്കാം. ഈ സുവിശേഷ ഭാഗങ്ങൾ വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാവുക പുനരുത്ഥാന നാളിൽ വിവാഹമോ വധൂവരന്മാരോ (മണവാളനും മണവാട്ടിയും) ഉണ്ടാവുകയില്ലെന്നുതന്നെയാണ്. പിന്നെയെങ്ങനെ കന്യാവ്രതമനുഷ്ഠിച്ച് പുനരുത്ഥാനനാളിൽ യേശുവിൻെറ മണവാട്ടിയാകാൻ സഹോദരിമാരേ നിങ്ങൾക്ക് കഴിയും? യേശുവിൽ (ഈസാനബി) ദൈവപുത്രസ്ഥാനം അടിച്ചേൽപിക്കാൻ ശ്രമിച്ചവരുടെ സ്വാർഥതാൽപര്യങ്ങളും കുടില ബുദ്ധിയുമാണ് നിരപരാധികളായ അനേകം സാധുസഹോദരിമാരെ കന്യാവ്രതം അനുഷ്ഠിച്ചാൽ അന്ത്യദിനത്തിൽ ക്രിസ്തുവിൻെറ മണവാട്ടിമാരാകാം എന്ന മരീചികയിൽ തളച്ചിട്ടത്.

കന്യാവ്രതം തികച്ചും പ്രകൃതിവിരുദ്ധവും ദൈവം ഭരമേൽപിച്ച ചുമതലകളിൽ നിന്നുള്ള ഒളിച്ചോട്ടവും തന്മൂലം ദൈവനിഷേധവുമാകുന്നു. അനന്തദയാലുവും പരമകാരുണികനുമായ ഏകദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന് വിഭജിക്കുകയും ത്രിത്വമെന്ന ഏകത്വം സ്ഥാപിക്കാൻ ശ്രമിക്കുകയും ഒപ്പം അനന്തദയാലുവായ ദൈവത്താൽ അയക്കപ്പെട്ട പ്രവാചകനായ യേശുവിൽ ദൈവപുത്രസ്ഥാനം ആരോപിക്കുകയും അടിച്ചേൽപിക്കുകയും ചെയ്യുന്ന സഭാധികാരികൾക്ക് ഇതിനും ന്യായീകരണങ്ങളുണ്ടാകും. അത് പക്ഷേ, യേശുവിൻെറ പ്രബോധനങ്ങളിലാവില്ല, മറിച്ച് യേശുവിൻെറ അനുയായികളെ നശിപ്പിക്കാൻ ശ്രമിക്കുകയും അതിനായി മാനസാന്തരമെന്ന കള്ളക്കഥയുണ്ടാക്കി യേശുവിൻെറ ശിഷ്യപ്രമുഖ സ്ഥാനം അവകാശപ്പെടുകയും ആധുനിക ക്രൈസ്തവതയുടെ സ്ഥാപകനാവുകയും ചെയ്ത പൗലോസിൻെറ പ്രബോധനങ്ങളിലാവും.

പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 7-ാം അധ്യായത്തിലാണ് പൗലോസായ സാവൂൾ വിവാഹബന്ധത്തെപ്പറ്റി അനുയായികളെ ഉദ്ബോധിപ്പിക്കുന്നത്. അതല്ലാതെ ബൈബിളിൽ ഒരിടത്തും- പുതിയനിയമത്തിലോ പഴയനിയമത്തിലോ- കന്യാവ്രതം എന്ന പേരിലുള്ള പ്രകൃതിവിരുദ്ധവും ദൈവ നിഷേധകരവുമായ ഈ അനാചാരത്തിന് ഒരു തെളിവുമില്ല. സഭാനുയായികളെ ഏറ്റവും സ്വാധീനിച്ച, യേശുവിൻെറ ശിഷ്യനല്ലാത്ത, വിജാതീയരുടെ അപ്പോസ്തലൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന പൗലോസ് അനുയായികൾക്ക് വിവാഹത്തെപ്പറ്റിയുള്ള സ്വന്തം കാഴ്ചപ്പാട് വിവരിച്ചുകൊടുക്കുന്നത് കാണുക. പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം ഏഴാം അധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ: "ഇനി നിങ്ങൾ എഴുതിച്ചോദിച്ച കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാം. സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷനു നല്ലത്. എന്നാൽ വ്യഭിചാരം ചെയ്യാൻ പ്രലോഭനങ്ങൾ ഉണ്ടാകാമെന്നതുകൊണ്ട് പുരുഷന് ഭാര്യയും സ്ത്രീക്ക് ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയോടുള്ള ദാമ്പത്യധർമം നിറവേറ്റണം. അതുപോലെത്തന്നെ ഭാര്യയും. ഭാര്യയുടെ ശരീരത്തിൽ അവൾക്കല്ല അധികാരം, ഭർത്താവിനാണ്. അതുപോലെത്തന്നെ ഭർത്താവിൻെറ ശരീരത്തിന്മേൽ അവനല്ല, ഭാര്യക്കാണ് അധികാരം. പ്രാർഥനാ ജീവിതത്തിനായി ഇരുവരും തീരുമാനിക്കുന്ന കുറെക്കാലത്തേക്കല്ലാതെ പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കരുത്. അതിനുശേഷം ഒന്നിച്ച്

ചേരുകയും വേണം. അല്ലാത്തപക്ഷം സംയമനക്കുറവ് നിമിത്തം പിശാച് നിങ്ങളെ പ്രലോഭിപ്പിക്കും. ഇത് ഒരു ആനുകൂല്യമായിട്ടാണ് ഞാൻ പറയുന്നത്, കൽപനയായിട്ടല്ല. എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു. എന്നാൽ ദൈവത്തിൽനിന്ന് ഓരോരുത്തർക്കും പ്രത്യേക ദാനങ്ങളാണല്ലോ ലഭിക്കുന്നത്. അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു: എന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്കു നല്ലത്. എന്നാൽ സംയമനം സാധ്യമല്ലാത്തവർ വിവാഹം ചെയ്യട്ടെ. വികാരംകൊണ്ട് ദഹിക്കുന്നതിനെക്കാൾ വിവാഹിതരാകുന്നതാണ് നല്ലത്".

ഈ ഭാഗം വായിക്കുന്ന ഒരാൾക്കും പൗലോസിൻെറ അഭിപ്രായത്തെപ്പറ്റിയോ നിലപാടുകളെപ്പറ്റിയോ ഖണ്ഡിതമായ അഭിപ്രായം സ്വരൂപിക്കാൻ കഴിയില്ല. ഒരേ സമയം വിവാഹത്തെ എതിർക്കുകയും അതേപോലെ അനുകൂലിക്കുകയും ചെയ്യുന്ന നിലപാട്! പൗലോസ് വിവാഹത്തെ അനുകൂലിക്കുന്നത് ദൈവം പ്രപഞ്ചത്തിലേർപെടുത്തിയ സന്താന സൗഭാഗ്യത്തിനല്ല, മറിച്ച് വികാരപരമായ ഒരാവശ്യം എന്ന നിലയിൽ മാത്രമാണ്. അതേ പൗലോസുതന്നെ പറയുന്നു 'എല്ലാവരും എന്നെപ്പോലെ ആയിരുന്നുവെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു' അതായത് അവിവാഹിതരായിരുന്നെങ്കിൽ എന്ന്! ഇവിടെയൊരു സംശയം ഉദിക്കുക സ്വാഭാവികം മാത്രമാണ്. ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന പൗലോസിൻെറ അനുയായികൾ എല്ലാവരും പൗലോസെന്ന സാവൂളിൻെറ ഉപദേശം സ്വീകരിക്കുകയും അവിവാഹിതരായിരിക്കുകയും ചെയ്താൽ അവരുടെ ആ തലമുറകളോടെ ക്രിസ്ത്യാനികൾ എന്ന പൗലോസിൻെറ അനുയായികൾ അന്യംനിന്ന് പോകുമായിരുന്നില്ലേ? അഥവാ ആരെങ്കിലും ജനിച്ചാൽ അത് വ്യഭിചാരത്തിലുള്ള ജനനമാവുകയില്ലേ?

ഏഴാം അധ്യായം 25-ാം വാക്യം മുതൽ 35 വരെ കാണുക : "അവിവാഹിതരെപ്പറ്റി കർത്താവിൻെറ കൽപനയൊന്നും എനിക്ക് ലഭിച്ചിട്ടില്ല. എന്നാൽ വിശ്വസ്തനായിരിക്കുവാൻ കർത്താവിൽനിന്ന് കരുണ ലഭിച്ചവൻ എന്ന നിലയിൽ എൻെറ അഭിപ്രായം ഞാൻ പറയുന്നു. ആസന്നമായ വിപത്സന്ധി കണക്കിലെടുക്കുമ്പോൾ ഓരോരുത്തരും ഇപ്പോഴത്തെ നിലയിൽ തുടരുന്നതായിരിക്കും നല്ലതെന്ന് ഞാൻ കരുതുന്നു. നീ സഭാര്യനാണെങ്കിൽ സ്വതന്ത്രനാവാൻ ശ്രമിക്കേണ്ട. വിഭാര്യനാണെങ്കിൽ വിവാഹിതനാവുകയും വേണ്ട. നീ വിവാഹം കഴിക്കുന്നെങ്കിൽ അതിൽ പാപമില്ല. കന്യക വിവാഹിതയായാൽ അവളും പാപം ചെയ്യുന്നില്ല എന്നിരിക്കിലും വിവാഹിതരാകുന്നവർക്ക് ലൗകികക്ലേശങ്ങൾ ഉണ്ടാകും. അതിൽനിന്ന് നിങ്ങളെ ഒഴിവാക്കാനാണ് എൻെറ ശ്രമം. സഹോദരരേ, സമയം പരിമിതമാണ്. ഇനിമേൽ ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും (ഇത് ആദ്യത്തെ നിലപാടിന് കടകവിരുദ്ധമാണ്-ലേഖകൻ) വിലപിക്കുന്നവർ വിലപിക്കാത്തവരെപ്പോലെയും ആഹ്ലാദിക്കുന്നവർ ആഹ്ലാദിക്കാത്തവരെപ്പോലെയും വാങ്ങുന്നവർ ഒന്നും കൈവശമില്ലാത്തവരെപ്പോലെയും ലോകകാര്യങ്ങളിൽ ഇടപെടാത്തവരെയും പോലെയായിരിക്കട്ടെ. എന്തെന്നാൽ ഈ ലോകത്തിൻെറ രൂപഭാവങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഉത്കണ്ഠയുണ്ടാവരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്ന് ചിന്തിച്ച് കർത്താവിൻെറ കാര്യങ്ങളിൽ തൽപരനാകുന്നു. വിവാഹിതൻ സ്വഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താം എന്ന് ചിന്തിച്ച് ലൗകികകാര്യങ്ങളിൽ തൽപരനാകുന്നു. അവൻെറ താൽപര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിതയായ സ്ത്രീയും കന്യകയും ആത്മാവിലും ശരീരത്തിലും വിശുദ്ധി പാലിക്കാനായി കർത്താവിൻെറ കാര്യങ്ങളിൽ തൽപരരാണ്. വിവാഹിതയായ സ്ത്രീയാകട്ടെ ഭർത്താവിനെ എങ്ങനെ സന്തോഷിപ്പിക്കാമെന്നു ചിന്തിച്ച് ലൗകിക കാര്യങ്ങളിൽ തൽപരയാകുന്നു. ഞാൻ ഇത് പറയുന്ന് നിങ്ങളുടെ നന്മക്ക് വേണ്ടിയാണ്. നിങ്ങളുടെ സ്വാതന്ത്ര്യത്തെ തടയാനല്ല; പ്രത്യുത നിങ്ങൾക്ക് ഉചിതമായ ജീവിതക്രമവും കർത്താവിനെ ഏകാഗ്രമായി ശുശ്രൂഷിക്കാൻ അവസരവും ഉണ്ടാകാൻ വേണ്ടിയാണ്".

ഇത് വായിക്കുന്ന ഒരാൾക്ക് ശുഭാപ്തിവിശ്വാസിയായ ഒരു പ്രബോധകനെയല്ല, മറിച്ച് നിരാശനും ഒപ്പം ഗൂഢമായ ചില ലക്ഷ്യങ്ങൾ നേടാനായി കുറുക്കുവഴി സ്വീകരിക്കുന്ന ഒരു ഇടുങ്ങിയ മനസ്സുള്ള മനുഷ്യനെയാണ് കാണാനാവുക. വിവാഹിതരാകുന്നതും ഭാര്യയോട് ചേരുന്നതും പൗലോസായ സാവൂളിൻെറ കാഴ്ചപ്പാടിൽ ലൗകിക ക്ലേശങ്ങളാണ്. സ്വന്തം അനുയായികളെ രക്ഷിക്കാനുള്ള വ്യഗ്രതയും യേശുവിൻെറ അനുയായികൾ കുറ്റിയറ്റുപോകും എന്ന ദുരാഗ്രഹവും പൗലോസിൻെറ

വിവാഹവീക്ഷണത്തിൽ ദർശിക്കാം.യേശുവിന്റെ അനുയായികളെ നശിപ്പിക്കാനുള്ള സാവൂളിന്റെ നിഗൂഢതന്ത്രമാവാം ഇത്. എല്ലാവരും ബ്രഹ്മചാരികളായാൽ പിന്നെ അനന്തരതലമുറകളെ നശിപ്പിക്കാൻ പുതിയ സാവൂളുമാർ ആവശ്യം വരില്ലല്ലോ! 'സഹോദരരേ, സമയം പരിമിതമാണ്' എന്ന മുന്നറിയിപ്പിലൂടെ ഏറ്റവും അടുത്ത സമയത്ത് ലോകത്തിന്റെ വിധി നടപ്പാക്കപ്പെടുമെന്ന് സാവൂൾ അനുയായികളെ ഭയപ്പെടുത്തുകയാവാം. അങ്ങനെയാവുമ്പോൾ അനുയായികൾ കൂടുതൽ അനുസരണയുള്ളവരാകുമല്ലോ. 36 മുതൽ 38 വരെയുള്ള വാക്യങ്ങളിലൂടെ തന്റെ കാഴ്ചപ്പാട് ഒന്നുകൂടി ഉറപ്പിക്കുവാനാണ് പൗലോസായ സാവൂൾ ശ്രമിക്കുന്നത്: "ഒരുവന് തന്റെ കന്യകയോട് സംയമനത്തോടുകൂടി പെരുമാറാൻ സാധിക്കുകയില്ലെന്ന് തോന്നിയാൽ അവൾ യൗവനത്തിന്റെ വസന്തം പിന്നിട്ടവളെങ്കിലും അനിവാര്യമെങ്കിൽ അവന്റെ ഹിതംപോലെ പ്രവർത്തിക്കട്ടെ. അവർ വിവാഹം കഴിക്കട്ടെ. അത് പാപമല്ല. എന്നാൽ ആത്മസംയമനം പാലിക്കാൻ കഴിയുന്നവനാണെങ്കിൽ തന്റെ കന്യകയെ കന്യകയായിത്തന്നെ സൂക്ഷിക്കാൻ ദൃഢനിശ്ചയം ചെയ്യുന്നെങ്കിൽ അവന്റെ പ്രവൃത്തി ഉത്തമമാണ്. തന്റെ കന്യകയെ വിവാഹം ചെയ്യുന്നവൻ ഉചിതമായി പ്രവർത്തിക്കുന്നു. എന്നാൽ വിവാഹം ചെയ്യാതിരിക്കുന്നവൻ കൂടുതൽ ശ്ലാഘനീയമാണ്".

ഇതാണ് ആധുനിക ക്രൈസ്തവതയുടെ പരമാചാര്യനായ പൗലോസ് എന്ന സാവൂളിന്റെ വിവാഹത്തെപ്പറ്റിയും പരമകാരുണികനായ ദൈവം തന്റെ സൃഷ്ടികളിൽ ഉത്തമനായ മനുഷ്യന് നൽകിയ ഇണയോടൊത്തുള്ള ജീവിതത്തെപ്പറ്റിയുമുള്ള കാഴ്ചപ്പാട്. ഏഴാം അധ്യായം 36-ാം വാക്യത്തിന്റെ വിശദീകരണം പ്രസ്തുത അധ്യായത്തിന്റെ താഴെ കൊടുത്തിരിക്കുന്നത് കാണുക: "ഈ വാക്യം വിവാഹബന്ധത്തിൽ ഏർപെടാതെ ബ്രഹ്മചര്യവ്രതം പാലിച്ചുകൊള്ളാം എന്ന വാഗ്ദാനത്തോടെ സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കുകയെന്ന ഒരു ആചാരത്തെയാവാം സൂചിപ്പിക്കുന്നത്. ഒരുപക്ഷേ, ഈയൊരു ദുരാചാരമാവാം, ആധുനിക ക്രൈസ്തവസമൂഹത്തിലെ കന്യാവ്രതങ്ങളും ബ്രഹ്മചര്യവ്രതങ്ങളും. ഇനിയും പ്രസ്തുത വാക്യത്തിന് രണ്ട് വ്യത്യസ്ത വിശദീകരണങ്ങൾ കൂടിയുണ്ട്. എന്നാൽ ഒരു പിതാവിന് അവിവാഹിതയായ തന്റെ പുത്രിയെ വിവാഹം കഴിച്ചുകൊടുക്കാനുള്ള കടപ്പാടിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നോ വിവാഹ വാഗ്ദാനം മാത്രം നടത്തിയ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ബന്ധത്തിൽ അനുചിത സമീപനങ്ങൾ ഒഴിവാക്കാൻ കഴിയുന്നില്ലെന്നുകണ്ടാൽ അവർ വിവാഹം കഴിക്കട്ടെ എന്നോ ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. ഇവിടെ അനുചിത സമീപനങ്ങൾ എന്നത് സ്ത്രീ പുരുഷ ബന്ധത്തിലെ അല്ലെങ്കിൽ വിവാഹ ജീവിതത്തിലെ സ്ത്രീപുരുഷ സംയോഗമാണ് എന്ന് മനസ്സിലാക്കാം".

ദൈവം അനുവദിച്ചുതന്ന പരിശുദ്ധമായ ഒരനുഗ്രഹത്തെ അനുചിത സമീപനമെന്ന് വിശേഷിപ്പിക്കാൻവിധം സാവൂൾ എന്ന പൗലോസ്, ക്രിസ്ത്യാനികൾ എന്ന് വിളിക്കാൻ ആഗ്രഹിക്കപ്പെടുന്ന സ്വന്തം അനുയായികളെ സ്വാധീനവലയത്തിലാക്കി! സഭയിലെ വിശ്വാസികൾ എല്ലാവരും ബ്രഹ്മചര്യവ്രതവും കന്യാവ്രതവും അനുഷ്ഠിച്ചാൽ ഭൂമിയിൽ നിറഞ്ഞ് പെരുകി അതിനെ കീഴടക്കുക എന്ന ദൈവകൽപന എങ്ങനെ നിറവേറ്റും? സഭ എങ്ങനെ നിലനിൽക്കും? ഇതെല്ലാം ചേർത്തുവായിച്ചാൽ യേശുവിന്റെ അനുയായികളെ വർധിക്കുന്നവരാകാതെ തടയുവാനും വഴിതിരിച്ചുവിടുവാനുമാണ് അപ്പോസ്തലസ്ഥാനം സ്വയം അവകാശപ്പെട്ട പൗലോസെന്ന സാവൂളിന്റെ ശ്രമമെന്നു വ്യക്തമാവും. അതിൽ അയാൾ ഒരു പരിധിവരെ വിജയിച്ചുവെന്നുവേണം ഇന്നത്തെ ക്രൈസ്തവ സഹോദരിമാരുടെ കന്യാവ്രതങ്ങളും പുരോഹിതന്മാരുടെ ബ്രഹ്മചര്യവ്രതങ്ങളും കാണുമ്പോൾ മനസ്സിലാക്കാൻ.

യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്ന ക്രൈസ്തവരോട് ഒരു ചോദ്യം. നിങ്ങൾ യേശുവിന്റെ അനുയായികളോ? അതോ പൗലോസെന്ന സാവൂളിന്റെ അനുയായികളോ? യേശുവിന്റെ അനുയായികൾ എന്നാണ് ഉത്തരമെങ്കിൽ ഒന്ന് ചിന്തിക്കുക. യേശുവെന്ന് ക്രൈസ്തവർ വിളിക്കുന്ന ഈസാനബി(ﷺ) ദൈവപുത്രനല്ലായെന്ന് യേശുതന്നെ പ്രഖ്യാപിക്കുന്നത് തിരിച്ചറിയുകയും 'പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവന് പ്രവാചകന്റെ പ്രതിഫലവും നീതിമാനെ നീതിമാനായി സ്വീകരിക്കുന്നവന് നീതിമാന്റെ പ്രതിഫലവും' എന്ന യേശുവചനത്തിന്റെ സത്ത ഉൾക്കൊള്ളുകയും ചെയ്യുക. യേശുവിന്റെ പ്രവചനങ്ങൾ അക്ഷരാർഥത്തിൽ നിറവേറുകയാണ് ആധുനിക ക്രൈസ്തവ സമൂഹത്തിൽ- പ്രവാചകൻ

സ്വന്തം ദേശത്തും സ്വഭവനത്തിലുമാണ് അവമതിക്കപ്പെടുന്നത് എന്ന പ്രവചനം.

കന്യാമറിയം എന്ന് ക്രൈസ്തവർ വിളിക്കുന്ന, മര്‌യം എന്ന് ഇസ്‌ലാം പരിചയപ്പെടുത്തുന്ന, ഈസാനബി (അ)യുടെ മാതാവ് കന്യാവ്രതം അനുഷ്ഠിക്കുന്ന എല്ലാ സഹോദരിമാരുടെയും രക്ഷകയും ആദർശവുമാണെന്ന് ക്രിസ്ത്യാനികൾ അവകാശപ്പെടുന്നു. മറിയം നിത്യകന്യകയാണെന്ന് ക്രൈസ്തവർ അവകാശപ്പെടുന്നു. ബൈബിൾ പുതിയനിയമത്തിലെ തെളിവുകൾ പരിശോധിച്ച് ഈ അവകാശവാദത്തിൻെറ യാഥാർഥ്യം ഗ്രഹിക്കാൻ ശ്രമിക്കാം. മത്തായിയുടെ സുവിശേഷം 1-ാം അധ്യായം 18 മുതൽ 25വരെയുള്ള വാക്യങ്ങൾ: "യേശുക്രിസ്തുവിൻെറ ജനനം ഇപ്രകാരമായിരുന്നു. അവൻെറ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിന് മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവൻ ഇതേകുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ കർത്താവിൻെറ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോട് പറഞ്ഞു: ദാവീദിൻെറ പുത്രനായ ജോസഫേ, മറിയത്തെ ഭാര്യയായി സ്വീകരിക്കുവാൻ ശങ്കിക്കേണ്ട. അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും. കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് പ്രവാചകന്മാർ മുഖേന അരുളിച്ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്. ജോസഫ് നിദ്രയിൽനിന്നുണർന്ന്, കർത്താവിൻെറ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു. അവൻ തൻെറ ഭാര്യയെ സ്വീകരിച്ചു. പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല".

അപ്പോൾ അതിനുശേഷം ജോസഫ് തൻെറ ഭാര്യയെ അറിഞ്ഞിരിക്കും, അറിഞ്ഞിരിക്കാം. 1-ാം അധ്യായം 25-ാം വാക്യത്തിൻെറ വിശദീകരണം കൊടുത്തിരിക്കുന്നത് കാണുക: "സെമിറ്റിക് ശൈലിയനുസരിച്ച് പ്രസവിക്കുന്നതുവരെ എന്ന് പറയുമ്പോൾ അതിനുശേഷം എന്ത് സംഭവിച്ചു എന്നതിനെപ്പറ്റി സൂചനയൊന്നുമില്ല".

ഈ പ്രസ്താവന അങ്ങനെത്തന്നെ തൊണ്ടതൊടാതെ വിഴുങ്ങണമോ അതോ ബൈബിളിലെ തുടർന്ന് വരുന്ന അധ്യായങ്ങളിലെ വിവരണങ്ങളിൽനിന്ന് കാര്യങ്ങൾ ഗ്രഹിക്കാൻ ശ്രമിക്കണമോ? മത്തായിയുടെ സുവിശേഷം 13-ാം അധ്യായം 53 മുതൽ 56വരെയുള്ള വാക്യങ്ങൾ കാണുക:

"യേശു ഈ ഉപമകൾ അവസാനിപ്പിച്ചശേഷം അവിടെനിന്ന് പുറപ്പെട്ട് സ്വദേശത്തുവന്ന് അവരുടെ സിനഗോഗിൽ പഠിപ്പിച്ചു. അവർ വിസ്മയഭരിതരായി ചോദിച്ചു: 'ഇവന് ഈ ജ്ഞാനവും ശക്തിയും എവിടെനിന്ന്? ഇവൻ ആ തച്ചൻെറ മകനല്ലേ? മറിയമല്ലേ ഇവൻെറ അമ്മ? യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ് എന്നിവരല്ലേ ഇവൻെറ സഹോദരന്മാർ? ഇവൻെറ സഹോദരിമാരെല്ലാം നമ്മുടെ കൂട്ടത്തിലുണ്ടല്ലോ!" ഇത് വായിക്കുന്ന ആർക്കും മനസ്സിലാവുക മറിയമിനും ജോസഫിനും യേശുവിനെക്കൂടാതെ നാല് പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നുവെന്നാണ്. ഇതേ കാര്യംതന്നെ മർക്കോസും (6-ാം അധ്യായം ഒന്നുമുതൽ മൂന്നുവരെ വാക്യങ്ങൾ) രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും വ്യക്തമായും മനസ്സിലാവുക യേശുവിനെ ഗർഭം ധരിക്കുമ്പോൾ കന്യകയായിരുന്ന മറിയത്തെ ഭർത്താവായ ജോസഫ് അറിഞ്ഞില്ലെങ്കിലും യേശുവിൻെറ ജനനത്തിന് ശേഷം തൻെറ ഭാര്യയായ മറിയത്തോട് ജോസഫ് സംസർഗത്തിലേർപെടുകയും അവർക്ക് പുത്രന്മാരും പുത്രിമാരും ഉണ്ടാവുകയും ചെയ്തു എന്നല്ലേ? അപ്പോൾ, നിത്യകന്യകയാണ് മറിയം എന്ന ക്രൈസ്തവസഭയുടെ വാദം നിരർഥകമല്ലേ? പുരുഷസംസർഗമുണ്ടാവുകയും സന്താനങ്ങളുണ്ടാവുകയും ചെയ്ത മറിയം നിത്യകന്യകയാണെന്നും അവർ എല്ലാ കന്യാവ്രതക്കാരുടെയും രക്ഷകയാണെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് പാവം സഹോദരിമാരെ കബളിപ്പിക്കുകയാണ് ചെയ്യുന്നതെന്നു വ്യക്തം. യേശുവിൻെറ പ്രബോധനങ്ങളെ ശരിയാംവണ്ണം മനസ്സിലാക്കുക. യേശു ഒരിക്കലും താൻ ദൈവപുത്രനാണ് എന്ന് അവകാശപ്പെട്ടിട്ടില്ല. താൻ പ്രവാചകനാണ് എന്ന് ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുമുണ്ട്. മത്തായിയുടെ സുവിശേഷം 15-ാം അധ്യായം 24-ാം വാക്യത്തിൽ യേശു വ്യക്തമായും പ്രഖ്യാപിക്കുന്നു 'താൻ ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട കുഞ്ഞാടുകളുടെ അടുത്തേക്ക് മാത്രമാണ് അയക്കപ്പെട്ടിരിക്കുന്നത്' എന്ന്. മത്തായിയുടെ സുവിശേഷം 1-ാം അധ്യായം 21-ാം വാക്യം കാണുക: "അവൾ ഒരു പുത്രനെ പ്രസവി

ക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും മോചിപ്പിക്കും". ഇസ്രായേലിൻെറ പ്രവാചകനായി ദൈവ നിയോഗിതനായ, കന്യകയായിരുന്ന മറിയത്തിൽ ദൈവത്താൽ ഉരുവാക്കപ്പെട്ട സൃഷ്ടിയാണ് യേശു. ഇത് അംഗീകരിക്കുക. പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവന് പ്രവാചകൻെറ പ്രതിഫലവും നീതിമാനെ നീതിമാനായി സ്വീകരിക്കുന്നവന് നീതിമാൻെറ പ്രതിഫലവും (മത്തായി 10:40, 41) എന്ന യേശുവിൻെറ വചനം സ്വീകരിക്കുക.

പുറപ്പാട് പുസ്തകം 20-ാംഅധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ പരിശോധിക്കുക. അവിടെ ത്രിത്വമോ ദൈവമാതാവോ പരാമർശിക്കപ്പെടുന്നില്ല. ഏകദൈവവിശ്വാസികളാവുകയും ദൈവത്തിൻെറ പ്രവാചകന്മാരെ പ്രവാചകന്മാരായി അംഗീകരിക്കുകയും ആദരിക്കുകയും അവരുടെ പ്രബോധനങ്ങൾ നേരായവിധം പിൻപറ്റുകയും ചെയ്യുന്നവരാണ് വിധിദിവസത്തിൽ സ്വർഗപ്രാപ്തരാവുക. അതിനാൽ സഹോദരന്മാരേ, സഹോദരിമാരേ, യേശു പഠിപ്പിച്ച ആദർശത്തെ നശിപ്പിക്കാനും അദ്ദേഹത്തിൻെറ അനുയായികളെ വിഡ്ഢികളാക്കി നിത്യനരകാഗ്നിയിൽ തള്ളാനുമായി പ്രകൃതിക്കും അതിൻെറ നിലനിൽപിനും എതിരായിട്ടുള്ള കന്യാവ്രതങ്ങളും ബ്രഹ്മചര്യവ്രതങ്ങളും ഉപദേശിച്ച പൗലോസെന്ന സാവൂളിൻെറ ആദർശങ്ങൾ ഉപേക്ഷിച്ച് ദൈവം നൽകിയ ചുമതലകൾ നിറവേറ്റി ഏകദൈവത്തെ മാത്രം ആരാധിച്ച് അവനോടുമാത്രം പ്രാർഥിക്കുകയും സഹായം തേടുകയും ചെയ്യുക. എങ്കിൽ അന്തിമ വിധിദിവസം ഈസാനബി(ﷺ)യടക്കം എല്ലാ പ്രവാചകന്മാരും എത്തിച്ചേരുന്ന സ്വർഗത്തിൽ പ്രവേശനം നേടാം. അല്ലെങ്കിൽ നിത്യനരകാഗ്നിയിൽ എറിയപ്പെടും. ഒരിക്കലും യേശുവിൻെറ മണവാട്ടിയാകാൻ കഴിയില്ല. കാരണം യേശുവിൻേറതായി അങ്ങനെയൊരു പ്രബോധനമോ വാഗ്ദാനമോ ഇല്ല. എൻെറ ഈ കുറിപ്പ് അത് മനസ്സിലാക്കാൻ സഹായകമായെങ്കിൽ ഞാൻ സന്തോഷവാനായി. കാരണം ഇല്ലാത്ത വാഗ്ദാനത്തിൻെറ പേരിൽ വിലയേറിയ ജീവിതം നശിപ്പിച്ച് നരകാഗ്നിയിലേക്കുള്ള യാത്രയിൽ എൻെറ രണ്ട് സഹോദരിമാരുണ്ട്. സത്യവിശ്വാസികളായി ഏകദൈവവിശ്വാസത്തിൽ ശരണം തേടുന്നവരായി എൻെറ സംഹാദരിമാരെങ്കിലും മാറിയിരുന്നെങ്കിൽ. അതിന് പരമകാരുണികനായ അല്ലാഹു ഇടവരുത്തട്ടെ. ആമീൻ.

# വെളിച്ചത്തിലേക്ക്

**എസ്. മുഹമ്മദ് മുബാറക് ബാഖവി (വെഞ്ഞാറമൂട്)**

സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം മനസ്സിനുള്ളിലെ കരുത്തും ഉദ്ദേശശുദ്ധിയും ആരാധനകളുടെ തുടിപ്പാണ്. നമസ്കാരം, നിർബന്ധദാനം, വ്രതം, ഹജ്ജ്, അംഗശുദ്ധീകരണം, ഭജനം, ഐച്ഛികദാനം, പരസഹായം, മയ്യിത്ത് പരിപാലനം, അഭിവാദനം, നന്മ ഉപദേശിക്കൽ, ക്ഷണം സ്വീകരിക്കൽ, വിജ്ഞാന സദസ്സിൽ പങ്കെടുക്കൽ, കുടുംബസന്ദർശനം,രോഗിയെ സന്ദർശിക്കൽ തുടങ്ങി മുഴുവൻ കാര്യങ്ങളിലും ഈ ലക്ഷ്യശുദ്ധി അത്യന്താപേക്ഷിതമാണ്. വിശുദ്ധ ഇസ്‌ലാം വിഭാവന ചെയ്യുന്ന സാമൂഹ്യ- കുടുംബ- വ്യക്തി ബന്ധങ്ങളിലെല്ലാം മെച്ചപ്പെട്ട ഉദ്ദേശ്യമാണ് മുഖ്യവിഷയം. പരലോകത്തിലെ പാഥേയങ്ങളാകുന്ന ഈ കർമങ്ങളിൽ കളങ്കം ചേർത്താൽ അവൻ തീരാനഷ്ടത്തിലാകുമെന്നതിൽ സംശയമില്ല.

ഉമർ(ﷺ), നബി(ﷺ) അറിയിച്ചതായി പറയുന്നു: "പ്രവൃത്തികൾ ഉദ്ദേശ്യമനുസരിച്ചാണ് കണക്കാക്കപ്പെടുന്നത്. ഓരോ മനുഷ്യനും അവൻ കുതിയതേ കരസ്ഥമാകൂ....."

മനുഷ്യമനസ്സ് ഒരു വിളക്കുമാടത്തിന് തുല്യമാണ്. സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിൻെറ പ്രഭ അവിടെ തെളിഞ്ഞു കത്തണം. അപ്പോൾ തമോമയമായ ഭൗതികലോകം അവൻെറ മുന്നിൽ തെളിയുന്ന ഒരു യാഥാർഥ്യമായി രൂപാന്തരപ്പെടും.

വിളക്ക് കൈവശമുള്ളവനെങ്ങും
വിശ്വം ദീപമയം
വെൺമ മനസ്സിൽ വിളങ്ങിനഭദ്രന്
മേന്മേലമൃതമയം

എന്ന ഉള്ളൂരിൻെറ വരികൾ ഉള്ളിൽ തട്ടുന്നത് യഥാർഥ വെളിച്ചം ഹൃത്തടത്തിൽ കാത്തുസൂക്ഷിച്ചവർക്കാണ്.

വെളിച്ചം സർവ നന്മകളുടെയും കേദാരമാണ്. പ്രപഞ്ചനാഥൻ തന്നെ പരിചയപ്പെടുത്തുന്നതും 'അല്ലാഹു ആകാശഭൂമികളുടെ വെളിച്ച'മാണെന്നാണ്.

ഇരുട്ടിൽ സുഖസുഷുപ്തിയിലാണ്ട അറേബ്യൻ ഉപദ്വീപിലേക്ക് വെളിച്ചമെത്തിച്ച പ്രവാചക പൂഗവനെ(ﷺ) പൊറുക്കാത്ത അറബിക്കൂട്ടത്തെപ്പറ്റി വള്ളത്തോൾ വർണിച്ചത് ഇപ്രകാരമാണ്:

"അവർക്കിരുട്ടേ പ്രിയമിത്രമൂതി
ക്കെടുക്കയായ് കൈത്തിരി കൊണ്ടു
ചെന്നാൽ
മിന്നാമിനുങ്ങിൽ ചെറുതാംവെളിച്ചം
പോലും സഹിക്കാത്ത തമസ്സിതേതോ...

വെളിച്ചത്തിൻെറ തെളിച്ചത്തിൽ തിരിച്ചറിയപ്പെടാത്തതായി ഒന്നുമില്ല. ഇരുട്ടിലെ കയറും പാമ്പായിത്തോന്നാം. വെളിച്ചത്തിനാണെങ്കിൽ അതെത്ര ചെറുതാണെങ്കിൽ പോലും ഘോരാന്ധകാരത്തെ മാറ്റുന്നതിൽ അനൽപമായ പങ്കുവഹിക്കാനുണ്ട്.

പ്രവാചകനായ മൂസാനബി(ﷺ)ക്ക് അല്ലാഹു നൽകിയ ദിവ്യാത്ഭുതങ്ങളിലൊന്നായി കയ്യിലെ പ്രകാശം നൽകിയത് യാദൃച്ഛികതയാകാൻ വഴിയില്ല. അതൊരു പ്രതീകമായിരുന്നു. ഫറോവൻ പ്രഭൃതികൾ കൃത്യമായി ചമച്ച അടിമത്തത്തിൻെറ ഇരുട്ടിനെ മാറ്റാൻ പ്രകാശവും കയ്യിലേന്തി കടന്നുവന്ന ഒരു പ്രവാചകൻെറ പ്രബോധന ദൗത്യത്തിൻെറ ബഹിർസ്ഫുരണം.

താൽക്കാലിക തട്ടകമായ ഈ ലോകത്തുനിന്നും ഇരുട്ടിലേക്ക് കടക്കുമ്പോൾ മനസ്സിൻെറ വിശ്വാസ വിളക്കായിരിക്കും സത്യവിശ്വാസിക്ക് അവിടെ വെളിച്ചമായി തിരിച്ചുകിട്ടുക.

മാതാവിൻെറ ഗർഭാശയമായ മൂന്ന് ഇരുളുകളുടെ അകത്തളത്തിലകപ്പെട്ട നിഷ്കളങ്കനായ ഒരു ശിശുവിന് വെളിച്ചമേകിയത് സാക്ഷാൽ പ്രകാശമായ പ്രപഞ്ചനാഥൻ തന്നെ!

പരലോകത്തിൽ പ്രകാശത്തിൻെറ അകമ്പടിയോടെ സത്യവിശ്വാസി മുന്നേറുമ്പോൾ തപ്പിത്തടയുന്ന തമോഗർത്തത്തിൽ സത്യനിഷേധി പെട്ടുപോകുമെന്ന് പരിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നുവെങ്കിൽ തെളിഞ്ഞ ഹൃദയത്തോടെ നമുക്ക് പ്രാർഥിക്കാം. നാഥാ ഞങ്ങളെ എന്നും സത്യവിശ്വാസത്തിൻെറ വെളിച്ചത്തിൽ നയിച്ചാലും! ആമീൻ.